മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): തൃശ്ശൂർ വേളൂക്കര പഞ്ചായത്തിൽപ്പെട്ട കുമാരൻ മകൻ ഷാജി ശരീരമാസകലം തീപ്പൊള്ളലേറ്റ് ജ്യോതി മിഷൻ ആശുപത്രിയിൽ ചികിത്സയിലിരിക്കേ 2004 മേയ് മാസം 5-ന് രാത്രി മരിച്ചുപോയി. ചികിത്സയിലിരിക്കേ ഷാജിയിൽനിന്നും മൊഴി വാങ്ങി ഇൻഡ്യൻ ശിക്ഷാ നിയമം 307, 34 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 284/04-ാം നമ്പർ ആയി ഒരു കേസ് രജിസ്റ്റർ ചെയ്തു. ഷാജി മരണപ്പെട്ടതിനാൽ ഇൻഡ്യൻ ശിക്ഷാ നിയമത്തിലെ 307-ാം വകുപ്പ് കുറവു ചെയ്ത് 341, 302 എന്നീ വകുപ്പുകൾ ചേർത്ത് കേസ് അന്വേഷണം നടത്തി. ഷാജിയെ ആരെങ്കിലും കൊലപ്പെടുത്തുന്നതിനുള്ള സാഹചര്യത്തെപ്പറ്റിയോ സംശയിക്കാവുന്ന തെളിവുകളെപ്പറ്റിയോ യാതൊരുവിധ സൂചനകളും ഇതുവരെ ലഭിച്ചിട്ടില്ല. തൃശ്ശൂർ ഭരണവിഭാഗം ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ ഒരു വിദഗ്ദ്ധ ടീം കേസന്വേഷണം ഊർജ്ജിതമായി നടത്തിവരികയാണ്. അന്വേഷണം എത്രയും വേഗം പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(7) തണ്ണിത്തോട് പഞ്ചായത്തിലെ തേക്കുതോട് ഹൈസ്ക്കൂളിൽ പ്ലസ്ടു അനുവദിക്കണമെന്ന ആവശ്യം

ശ്രീ. അടൂർ പ്രകാശ്: 204 സർക്കാർ സ്കൂളുകളിൽ പ്ലസ്ടു ബാച്ചുകൾ ആരംഭിക്കാൻ ഹൈക്കോടതി അനുമതി കൊടുത്തിരിക്കുന്നു. അനുമതി കൊടുത്തപ്പോൾ പത്തനംതിട്ട, കോട്ടയം ജില്ലകളെ പൂർണ്ണമായും ഒഴിവാക്കിയിരിക്കുകയാണ്. എന്റെ നിയോജകമണ്ഡലത്തിൽ തണ്ണിത്തോട് പഞ്ചായത്തിലെ മലയോര പ്രദേശത്ത് താമസിക്കുന്ന കുട്ടികൾക്ക് പഠിക്കാനുള്ള സാഹചര്യങ്ങൾ ഇല്ലാതായിരിക്കുകയാണ്. അവിടെ രണ്ട് സർക്കാർ സ്കൂളുകളും ഒരു അൺ എയ്ഡഡ് സ്കൂളുമാണ് ഉള്ളത്. പ്ലസ്ടു സർക്കാർ സ്കൂളുകളിലോ, എയിഡഡ് സ്കൂളുകളിലോ, അൺഎയിഡഡ് സ്കൂളുകളിലോ ഇല്ല. വി.എച്ച്.എസ്.സി.-യും ഇല്ല. വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഒരുക്കിക്കൊടുക്കാൻ ഗവൺമെന്റിന് ബാദ്ധ്യത ഉണ്ട്. തണ്ണിത്തോട് പഞ്ചായത്തിലെ തേക്കുതോട് ഗവൺമെന്റ് എച്ച്.എസ്സിൽ വളരെ അടിയന്തിരമായി പ്ലസ്ടു ആരംഭിക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം. ബഹുമാനപ്പെട്ട കോടതിയെ ബോദ്ധ്യപ്പെടുത്തി അതിനുള്ള അനുമതി വാങ്ങിക്കുന്നതിന് സർക്കാർ തയ്യാറാകണമെന്നുള്ളതാണ് എന്റെ ആവശ്യം.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. നാലകത്ത് സൂപ്പി): ഇത്രയധികം പ്ലസ്ടു സ്കൂളുകൾ ഗവൺമെന്റ് കണക്കിൽ ചരിത്രത്തിലാദ്യമായിട്ടാണ്. . . .ബഹളം . . . . ബഹളം . . . എം.എൽ.എ.-മാർ എഴുതിത്തന്ന എല്ലാ ജില്ലകളിലും പ്ളസ്ടു അനുവദിച്ചിട്ടുണ്ട്. 206 പ്ളസ്ടു സ്കൂളുകളാണ് അനുവദിച്ചത്. പത്തനംതിട്ട, കോട്ടയം ജില്ലകളിൽ സീറ്റ് അധികമാണെന്നു പറഞ്ഞ് ഹൈക്കോടതി റദ്ദ് ചെയ്തു.

മി. സ്പീക്കർ: എന്റെ നിയോജകമണ്ഡലത്തിലും ഹയർ സെക്കണ്ടറി ഇല്ലാത്ത സ്കൂളുകളുണ്ട്.

ശ്രീ. നാലകത്ത് സൂപ്പി: അത്യാവശ്യം വേണ്ട സ്ഥലങ്ങളിൽ സ്റ്റുഡന്റ്സിന്റെ റേഷ്യോ വച്ചാണ് കൊടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly